VIII. റിപ്പോർട്ട് സമർപ്പണം

ശ്രീ. നാലകത്ത് സൂപ്പി: എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം പതിനാറും പതിനേഴും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

IX. ധനകാര്യം

2006-2007 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ഗവൺമെന്റിന്റെ അവസാന വർഷത്തെ ബഡ്ജറ്റാണ് ഇത്. വലിയ നികുതി നിർദ്ദേശങ്ങളില്ലാത്ത ബഡ്ജറ്റ് എന്ന പ്രത്യേകത ഇതിനുണ്ട്. മൂല്യവർദ്ധിത നികുതി (വാറ്റ്) നടപ്പാക്കിയതിനു ശേഷമുള്ള ബഡ്ജറ്റ് എന്ന പ്രത്യേകത കൂടി ഇതിനുണ്ട്. പരിമിതികൾക്കകത്ത് നിന്നുകൊണ്ട് പരമാവധി നല്ല കാര്യങ്ങൾ ചെയ്യാൻ ധനകാര്യ വകുപ്പുമന്ത്രി ശ്രമം നടത്തിയിട്ടുണ്ട് ഈ ബഡ്ജറ്റിൽ. ഉൾപ്പെടുത്തിയിട്ടുള്ള ക്ഷേമ പദ്ധതികൾ ഇതിന് സാക്ഷ്യം വഹിക്കും. വിഴിഞ്ഞം തുറമുഖം, സ്മാർട്ട് സിറ്റി, പ്രത്യേക സാമ്പത്തിക മേഖലകൾ ഇവയൊക്കെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിന് ചരിത്രപരമായ പ്രാധാന്യം കൂടി നൽകുന്നു. ഈ കൊച്ചു കേരളത്തെ ആഗോള തലത്തിൽ ശ്രദ്ധേയമാക്കിത്തീർക്കുന്ന സംരംഭങ്ങളും നടപടികളും സംസ്ഥാനത്തെ വികസനത്തിന്റെ രാജപതയിലേക്ക് അതിവേഗം നയിക്കും. ഈ ഗവൺമെന്റിന്റെ ആരംഭ വർഷത്തെയും അവസാന വർഷത്തെയും ധനസ്ഥിതി പരിശോധിക്കുമ്പോൾ ആ കാര്യം വ്യക്തമാണ്. വലിയൊരളവ് വരെ സാമ്പത്തിക അച്ചടക്കം പാലിക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഓവർഡ്രാഫ്റ്റിന്റെ കാര്യം നോക്കുമ്പോൾ ഇത് വ്യക്തമാകും. നിരവധി നല്ല നിർദ്ദേശങ്ങൾ അടങ്ങുന്ന ഈ ബഡ്ജറ്റ് നടപ്പിൽ വരുത്തുന്നതിനുള്ള ഇച്ഛാശക്തിയും ആർജ്ജവവും സർക്കാർ കാണിക്കണം. കർശനമായ സാമ്പത്തിക അച്ചടക്കം കൂടി ഗവൺമെന്റ് പാലിക്കണം. പാവപ്പെട്ട സ്ത്രീകൾക്ക് പ്രസവാനുകൂല്യം, കൂടുതൽ പാവപ്പെട്ട കുടുംബങ്ങൾക്ക് 3 രൂപ നിരക്കിൽ 35 കിലോ അരി, വൃദ്ധരായ അഗതികൾക്ക് സൗജന്യമായി 10 കിലോ അരി തുടങ്ങിയവ നൽകാനുള്ള പദ്ധതികളെ സ്വാഗതം ചെയ്യുന്നു. ഒരു ഹെക്ടറിനു താഴെ ഭൂമിയുള്ള 60 വയസ്സ് കഴിഞ്ഞ കർഷകർക്ക് 1000 രൂപ പെൻഷൻ എന്നത് 3000 രൂപയാക്കി ഉയർത്തണം. സർക്കാർ ജീവനക്കാരുടെ അപകട ഇൻഷ്വറൻസ് പദ്ധതി 7 ലക്ഷം രൂപയാക്കണം. അപകടത്തിൽ മരണപ്പെടുന്ന മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് 50,000 രൂപ കൊടുക്കുന്നതുപോലെ മരം കയറ്റത്തൊഴിലാളികൾക്കുള്ള ധനസഹായവും 25,000 രൂപയിൽനിന്ന് 50,000 രൂപയായി ഉയർത്തുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ഭാഗപത്രം രജിസ്റ്റർ ചെയ്യുന്നതിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി ആയിരം രൂപ യാക്കിയിരിക്കുന്നു. അതിന് ഒരു പരിധി വയ്ക്കണം. 5 ഹെക്ടറിന് താഴെയുള്ളവർക്ക് മതി എന്ന പരിധി നിശ്ചയിക്കണം. എം.എൽ.എ., എം.പി. ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള വർക്കുകളെ നികുതിയിൽ നിന്ന് ഒഴിവാക്കി. ഇങ്ങനെ പോകുന്നു നല്ല കാര്യങ്ങളുടെ പട്ടിക.

LIBRARY ARCHIVES Kerala Legislative Assembly